## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ. *85

10.02.2016 -ലെ മറുപടിയ്ക്ക്

## തോട്ടം തൊഴിലാളികളുടെ വേതനം

ചോദ്യം

ശ്രീ.സി.ദിവാകരൻ
ശ്രീ. കെ.അജിത്

(എ) തോട്ടം തൊഴിലാളികളുടെ വേതനവും മറ്റാനുകൂല്യങ്ങളും പുതുക്കുന്നതിനായി പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ തീരുമാനമുണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കമ്മിറ്റിയിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

ബി) തോട്ടം തൊഴിലാളി സമരം ഒത്തുതീർപ്പാക്കുന്നതിന് ആധാരമായി സ്വീകരിച്ച വ്യവസ്ഥകൾ എന്തെല്ലാം; പ്രസ്തുത വ്യവസ്ഥകൾ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

ഉത്തരം

ശ്രീ. ഷിബു ബേബി ജോൺ
(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)

(എ) 14.10.2015-ന് ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി താഴെപ്പറയും പ്രകാരം വിവിധ വിളകളിൽ കൂലി നൽകുന്നതിന് തീരുമാനമെടുത്തു.

| വിള | കൂലി (ഡിഎ അടക്കം) |
|---|---|
| തേയില, കാപ്പി | 301 |
| റബ്ബർ | 381 |
| ഏലം | 330 |

(ബി) തോട്ടം തൊഴിലാളികൾക്ക് വേതന വർദ്ധന ആവശ്യപ്പെട്ട് നടത്തിവന്ന സമരം താഴെപറയുന്ന വ്യവസ്ഥകളിന്മേലാണ് തീർപ്പായത്.

14.10.2015-ലെ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ തീരുമാനങ്ങൾ

1. തേയിലത്തോട്ടങ്ങളിലെ തൊഴിലാളികൾക്ക് അടിസ്ഥാന ശമ്പളം, ക്ഷാമബത്ത എന്നിവ ഉൾപ്പെടെ കൂലി പ്രതിദിനം 301 രൂപയായി വർദ്ധിപ്പിച്ച് നൽകുന്നതാണ്.
2. കാപ്പിത്തോട്ടങ്ങളിൽ തേയിലത്തോട്ടങ്ങളിലെ അതേ നിരക്ക് ബാധകമായിരിക്കുന്നതാണ്.
3. ഏലത്തോട്ടങ്ങളിലെ തൊഴിലാളികൾക്ക് അടിസ്ഥാന ശമ്പളം, ക്ഷാമബത്ത എന്നിവ ഉൾപ്പെടെ കൂലി പ്രതിദിനം 330 രൂപയായി വർദ്ധിപ്പിച്ച് നൽകുന്നതാണ്.
4. റബ്ബർ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് അടിസ്ഥാന ശമ്പളം, ക്ഷാമബത്ത എന്നിവ ഉൾപ്പെടെ കൂലി പ്രതിദിനം 381 രൂപയായി വർദ്ധിപ്പിച്ച് നൽകുന്നതാണ്.
5. മേൽ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ

പണിമുടക്ക് സമരം പിൻവലിക്കുന്നതാണ്. മറ്റ് വിഷയങ്ങൾ പിന്നീട് പഞ്ചായത്ത് തെരഞ്ഞെടുപ്പിനു ശേഷം ചർച്ച ചെയ്യുന്നതാണ്.

06.11.2015 ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി 2015 നവംബർ 1- ാം തീയതി മുതൽ മേൽ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് തീരുമാനിച്ചു. ടി തീരുമാനം അനുസരിച്ചുള്ള കൂലി പ്ലാന്റേഷൻ മേഖലയിൽ പൂർണ്ണമായും നടപ്പിലായിട്ടുണ്ട്.

(സി) തേയില, കാപ്പി,റബ്ബർ, ഏലം, തുടങ്ങിയ തോട്ടങ്ങളിലെ തൊഴിലാളികളുടെ അദ്ധ്വാനഭാരം വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിന്മേലുള്ള നിലപാട് വിശദമാക്കുമോ?

(സി) പ്ലാന്റേഷൻ മേഖലയിലെ പ്രതിസന്ധി കണക്കിലെടുത്തും വിവിധ മേഖലകളിൽ യന്ത്രവത്കരണമുണ്ടായിട്ടുള്ള സാഹചര്യത്തിലും ഉത്പാദനക്ഷമതാ വർദ്ധന വരുത്തണമെന്ന് വിവിധ തൊഴിലുടമാ സംഘടനകൾ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത വിഷയത്തിൽ തൊഴിലാളിസംഘടനകളുടെ അഭിപ്രായമാരായുകയും ഉഭയകക്ഷി ധാരണയുടെ അടിസ്ഥാനത്തിൽ തേയിലയിൽ ഷിയർ ഉപയോഗിച്ചുള്ള പ്ലക്കിംഗിനും കാപ്പിയിൽ സ്റ്റാൻഡേർഡ് ഔട്ട് പുട്ട് വർദ്ധനയും വരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ